"ഭരണഭാഷ - മാതൃഭാഷ"

നം.ഐഡിഎസ്/എ3-34819/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 4-11-2017

# പരിപത്രം

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അങ്കണവാടി ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അവാർഡ് നൽകുന്നത് - സംബന്ധിച്ച്.

സൂചന : ഈ കാര്യാലയത്തിൽ നിന്നും 21-8-2015-ലെ ICDS/A3-15489/15 നമ്പർ കത്ത്.

ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായുള്ള അങ്കണവാടി ശുചീകരണ പദ്ധതി പ്രകാരം മികച്ച രീതിയിൽ ശുചിത്വം പാലിക്കുന്ന അങ്കണവാടികൾക്ക് 2016-17 മുതൽ ട്രോഫിയും പ്രശസ്തിപത്രവും നൽകുന്നു.

ഒരു വർഷത്തെ തുടർച്ചയായ നിരീക്ഷണത്തിലൂടെ ഓരോ പഞ്ചായത്തിലേയും ശുചിത്വത്തിന്റെ അടിസ്ഥാനത്തിലുള്ള മികച്ച അങ്കണവാടിയെ തെരഞ്ഞെടുക്കേണ്ടതുണ്ട്. ആയതിന്റെ തെരഞ്ഞെടുപ്പിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. അതത് ഗ്രാമ പഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ/കോർപ്പറേഷനിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ശിശു വികസന പദ്ധതി ഓഫീസർ, തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, ICDS സൂപ്പർവൈസർ/CDPO (കോർപ്പറേഷൻ)-കൺവീനർ എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റി 2017 ഡിസംബർ 20-നകം രൂപീകരിക്കേണ്ടതാണ്.
2. ശുചിത്വവുമായി ബന്ധപ്പെട്ട മികച്ച അങ്കണവാടി കേന്ദ്രത്തിന്റെ തെരഞ്ഞെടുപ്പിനായി ചുവടെ കാണിക്കുന്ന മാനദണ്ഡങ്ങളും അതിനനുസൃതമായ മാർക്കും അടിസ്ഥാനമാക്കേണ്ടതാണ്.

| മാനദണ്ഡങ്ങൾ | | മാർക്ക് |
|---|---|---|
| a) അങ്കണവാടി പ്രീ-സ്ക്കൂൾ ക്ലാസ്സ് റൂം | - | 4 |
| b) അങ്കണവാടി അടുക്കള സ്റ്റോർ റൂം | - | 4 |
| c) ശുദ്ധമായ കുടിവെള്ള സൗകര്യം | - | 4 |
| d) ശുചിത്വമുള്ള പ്രവർത്തനക്ഷമമായ ടോയ്‌ലറ്റ് | - | 4 |
| e) അങ്കണവാടിയുടേയും പരിസരത്തിന്റെയും ശുചിത്വം | | 4 |
| f) ഭക്ഷ്യവസ്തുക്കളുടെ സംഭരണത്തിലെ ശുചിത്വം (ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ പരിശോധിക്കണം) | | 4 |
| g) ഭക്ഷണ സാധനങ്ങൾ കൈകാര്യം ചെയ്യുന്നതിലെ ശുചിത്വം | | 4 |
| h) ഭക്ഷണപദർത്ഥങ്ങൾ ഗുണമേന്മയുള്ള രീതിയിൽ പാചകം ചെയ്യുന്നത്. | | 4 |
| i) മാലിന്യ സംസ്കരണം | - | 5 |
| j) ഗുണഭോക്താക്കളുടേയും പ്രവർത്തകരുടേയും ശുചിത്വം (പ്രവർത്തകരുടെ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധിക്കണം). | | 5 |
| k) VHND/NDED സെഷനുകളിലും ഭവന സന്ദർശന വേളകളിലും ശുചിത്വ സന്ദേശങ്ങൾ നൽകുന്നത്. | - | 4 |
| l) ബാലസ്വച്ഛതാ വാരാഘോഷം | - | 4 |
| **ആകെ** | - | **50 മാർക്ക്** |

3. 2017 ജനുവരി 10 മുതൽ 2018 ജനുവരി 10 വരെയുള്ള കാലഘട്ടം നീരിക്ഷണ കാലമായി കണക്കാക്കി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ICDS സൂപ്പർവൈസർ/CDPO(കോർപ്പറേഷൻ) ടി പഞ്ചായത്തിലെ/ മുനിസിപ്പാലിറ്റിയിലെ/കോർപ്പറേഷനിലെ എല്ലാ അങ്കണവാടികൾക്കും മാനദണ്ഡങ്ങൾക്കനുസൃതമായ മാർക്ക് നൽകി ആയത് ഒറ്റ ലിസ്റ്റാക്കേണ്ടതുണ്ട്. ജനുവരി 15-നകം മികച്ച അങ്കണവാടിയെ തെരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റി യോഗം ചേരേണ്ടതും സൂപ്പർവൈസർ മാർക്കടിസ്ഥാനത്തിലുള്ള അങ്കണവാടികളുടെ ലിസ്റ്റ് കമ്മിറ്റിയിൽ അവതരിപ്പി ക്കേണ്ടതുമാണ്.

4. കമ്മിറ്റി ജനുവരി 20-നകം ടി അങ്കണവാടികളിയിൽ സന്ദർശനം നടത്തി വിലയിരുത്തൽ നടത്തേണ്ടതും ജനുവരി 20-ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ശുചിത്വമുള്ള മികച്ച അങ്കണവാടിയെ തെരഞ്ഞെടുക്കേണ്ടതുമാണ്.

5. ജില്ലാതല/പ്രോജക്ടതല/സെക്ടർതല മീറ്റിംഗുകളിലും PHC/CHC/DMO മീറ്റിംഗുകളിലും ടിവിഷയം ചർച്ച ചെയ്യേണ്ടതാണ്. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മീറ്റിംഗുകളിൽ അജണ്ടയിലുൾപ്പെടുത്തി ടി വിഷയം ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട ICDS സൂപ്പർവൈസർമാർ/CDPO-മാർ ശ്രദ്ധിക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് വ്യാപക മായ പ്രചാരണം PO/CDPO/സൂപ്പർവൈസർമാർ നൽകേണ്ടതാണ്. ഫെബ്രുവരി മാസത്തെ പ്രോജക്ട് മീറ്റിംഗിന് തദ്ദേശസ്വയഭരണ സ്ഥാപന ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, പ്രദേശത്തെ പ്രശസ്തരായ സാമൂഹിക പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി അവാർഡ്ദാന ചടങ്ങ് സംഘടിപ്പിക്കേണ്ടതാണ്. പ്രശസ്തി പത്രത്തിനും ട്രോഫിക്കുമായി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ഒന്നിന് 250/-രൂപ ക്രമത്തിൽ ചെലവഴിക്കാവുന്നതാണ്.

2016-17ൽ ആദ്യമായി ടി പദ്ധതി ഗ്രാമ പഞ്ചായത്ത്തലത്തിൽ മാത്രമാണ് നടപ്പാക്കിയത്. ഇക്കൊല്ലം മുതൽ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ മികച്ച ശുചിത്വമുള്ള അങ്കണവാടികൾക്കുകൂടി അവാർഡ് നൽകുന്നു. ശുചിത്വവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ മികച്ച അങ്കണവാടിയ്ക്ക് ട്രോഫിയും പ്രശസ്തി പത്രവും നൽകേണ്ടതാണ്.

ഒ/

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

ജികെ/ 1-11-17